ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ഇല്ല.

(ബി) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അഞ്ച് കേസുകൾ നിലവിലുണ്ട്.

(ഡി) നിലവിലുള്ള അഞ്ച് കേസുകളിൽ രണ്ട് കേസ്സുകളിൽ ചാർജ്ജ് മെമ്മോ അയയ്ക്കുന്ന ഘട്ടത്തിലാണ്. രണ്ട് പരാതികളിൻ മേൽ അന്വേഷണം നടന്നു വരുന്നു. ശേഷിക്കുന്ന ഒരു കേസ് ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഇ) മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനുമായി നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റേയും വകുപ്പുതല വിജിലൻസ് വിംഗിന്റെയും മിന്നൽ പരിശോധന ഒരു പരിധിവരെ ഏജന്റുമാരുമായി ബന്ധപ്പെട്ട അഴിമതി ഒഴിവാക്കാൻ സാഹയകമായിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ക്രിമിനൽ കേസുകളും രജിസ്റ്റർ ചെയ്യുന്നുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതോടുകൂടി അഴിമതി പൂർണ്ണമായും ഇല്ലാതാക്കാം എന്ന് കരുതുന്നു. തിരുവനന്തപുരം, എറണാകുളം ആർ. ടി. ഒ. ഓഫീസുകൾ പൂർണമായും, കോഴിക്കോട് ആർ. ടി. ഒ. ഓഫീസ് ഭാഗികമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിക്കഴിഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന നടപടി

*8 [475] ശ്രീ. ലൂഡി ലൂയിസ് :
,, കെ. ബാബു :
,, കെ. അച്ചുതൻ :
,, എൻ. ഡി. അപ്പച്ചൻ :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗം ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽപ്പെടുന്നുണ്ടോ;

(ബി) എങ്കിൽ കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനമൊന്നും ലഭിച്ചിട്ടില്ല.

(സി) കൈത്തറി തൊഴിലാളി യൂണിയനുകൾ ഈ വിഷയത്തിൽ ഒരഭിപ്രായവും ഉന്നയിച്ചിട്ടില്ല.

(ഡി) കൈത്തറി രംഗത്തെ ഫാക്ടറീസ് നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതുകൊണ്ട് കൈത്തറി തൊഴിലാളികൾക്ക് പ്രയോജനമൊന്നുമില്ല. എന്നാൽ പ്രസ്തുത നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്നതുകൊണ്ട് തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമകാര്യങ്ങളിൽ പ്രയോജനമുണ്ടാകുന്നതുമാണ്.

തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

*9 [476] ശ്രീ. പി. ജെ. ജോയി :
,, കെ. സി. ജോസഫ് :
,, ബി. വിജയകുമാർ :
,, ജി. കാർത്തികേയൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ, ബി ആന്റ് സി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly